(സി) ഏതെല്ലാം വിഭാഗങ്ങളാണ് വണ്ടാനത്തേക്ക് മാറ്റുന്നത് എന്നും ഇവ എന്നു മാറ്റുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി കോംപ്ലക്സിനോടനുബന്ധിച്ചുള്ള എ ആന്റ് ബി ബ്ലോക്കുകളുടെ പണി പൂർത്തിയായി.

(ബി) ആശുപത്രിയിലെ പീഡിയാട്രിക്സ്, പീഡിയാട്രിക്സ് സർജറി വിഭാഗങ്ങൾ വണ്ടാനത്തേക്ക് മാറ്റുന്നതിനു മുന്നോടിയായി യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടിവരുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. അത്യാവശ്യമുള്ള ഫർണിച്ചർ വാങ്ങിക്കഴിഞ്ഞു.

(സി) പീഡിയാട്രിക്സും, പീഡിയാട്രിക്സ് സർജറി വിഭാഗവുമാണ് ഇപ്പോൾ വണ്ടാനത്തേക്ക് മാറ്റുന്നതിനായി തീരുമാനിച്ചിരിക്കുന്നത്. യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും അവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തുകഴിഞ്ഞാൽ ഉടൻതന്നെ ഈ വിഭാഗങ്ങൾ വണ്ടാനത്തേക്ക് മാറ്റുന്നതാണ്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം

141 [1617] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്ത് പണിയുന്ന ജില്ലാ ആശുപത്രിക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ പണി എത്രത്തോളമായി;

(ബി) ഇതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലാ പഞ്ചായത്ത് പണിയുന്ന ജില്ലാ ആശുപത്രിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണി ഒന്നാം നില പൂർത്തിയാകുകയും രണ്ടാം നിലയുടെ പില്ലർവർക്ക് പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് അഞ്ചുനില കെട്ടിടത്തിന്റെ പണിയാരംഭിച്ചത്. ഫണ്ട് ലഭ്യമാക്കുന്നതിനനുസരിച്ച് പണി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly